# Academic master plan

## 2025 - 2026

# GUPS PERUVANTHANAM



# GOVT .UP . SCHOOL
## PERUVANTHANAM

**Roymon Mathew**



**Head master**
Our team leader

**Suni Philip**



**Senior Assistant**
Science club,School tour
Farming,Arts,Internal Committee

**Sandhyamol T**



Noon feeding , Vidyarangam,
CWSN,WE,
MALAYALAM CLUB

**Seble P Joseph**



SRG convenor
Maths club , Sports, Yoga ,
Lahari Muktha Vidyalayam

**Luxy Rose Mathew A**



Staff secretary , S.S,PTA,
Thanath activity ,Students
saving scheme

**Preethi George**



S ,S ,Hindi ,
Malinya muktha vidyalayam
Transportation ,W.E

**Jothis Antony**



Vidyarangam , Library,
Maths , Mikavu activity
Sports

**Omana A.K**



Eco club,Science club
Health and safety
Vruthi 2025-26
(beautification) Malayalam club
Lab

**Ashika Ajay**



IT Coordinator ,Society ,
Arts,WE, Arabic club ,
Media cell

**Rose MaryLawrence**



Eco club
Biodiversity garden
Pre primary ,Arts,WE.

**Shilpa C V**



Media cell
Health and safety
Biodiversity garden

**Shylaja VI**



Hygiene and
beautification
Health and safety

**Sunish Kumari S**



Gardening and farming
Biodiversity garden

**Team**
**Peruvanthanam**
**2025 - 26**

**Usha Santhosh**



Gardening and farming
Kitchen garden

# Academic master plan

## 2025 - 2026

## GUPS PERUVANTHANAM



# ആമുഖം

അജ്ഞതയാകുന്ന അന്ധകാരം അകറ്റി നിരാലംബരും നിർധനരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ സാധാരണ മനുഷ്യന് അറിവിന്റെ വെളിച്ചം പകർന്നു നൽകുന്നതിൽ പൊതുവിദ്യാലയങ്ങൾ വഹിച്ച പങ്ക് നിസ്തുലമാണ്. മണ്ണിനോട് മല്ലിടുന്ന അറിവ് നിഷേധിക്കപ്പെട്ട മണ്ണിന്റെ മക്കൾക്ക് ഒരു കാലത്ത് അപ്രാപ്യമായിരുന്ന വിദ്യയെ അവർക്കിടയിൽ സാർവ്വത്രികമാക്കുന്നതിൽ ഈ വിദ്യാലയങ്ങൾ വഹിച്ച പങ്ക് കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിൽ രചിക്കപ്പെട്ടതാണ്. പെരുവന്താനത്തിന്റെ ചരിത്രത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ ഗവൺമെന്റ് യു. പി. സ്കൂൾ ഈ പ്രദേശത്തെ നിരവധി സാമൂഹിക, സാസ്ക്കാരിക നായകന്മാർക്ക് അക്ഷരവെളിച്ചം നൽകി എന്നും കെടാവിളക്കായി നിലനിൽക്കുന്നു. ഈ കാലഘട്ടത്തിൽ ഈ വിദ്യാലയം മികച്ച ഗുണമേന്മയുള്ള വിദ്യാഭ്യാസം ഏവർക്കും ഉറപ്പ് നൽകുന്നു. ഈ വിദ്യാലയം ഇന്ന് വളർച്ചയുടെ പന്ഥാവിലാണ്.

**പൊതുവിദ്യാലയങ്ങൾ**
**മികവിന്റെ കേന്ദ്രങ്ങൾ**

# എന്റെ വിദ്യാലയം, പൊതുവിദ്യാലയം

ഈ വിദ്യാലയത്തിൽ എത്തുന്ന ഓരോ കുട്ടിയും ലോകത്തെവിടെയും ഉള്ള അവന്റെ പ്രായത്തിലുള്ള ഒരു കുട്ടിയുമായി സംവദിക്കുന്നതിനുള്ള അറിവ് ലഭിക്കേണ്ടത് അവന്റെ അവകാശമാണ്. കുട്ടികളുടെ ഈ അവകാശം പ്രാപ്തമാക്കുന്നതിനുള്ള തീവ്രശ്രമത്തിലാണ് ഈ വിദ്യാലയം ഇതിനായി വിദ്യാലയത്തിന്റെ ഭൗതാക സാഹചര്യങ്ങളിലും, പഠന രീതികളിലും നിരവധി മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഇവിടെയെത്തുന്ന വിദ്യാർത്ഥികൾക്ക് മാത്രമല്ല സമൂഹത്തിലെ ഓരോ വ്യക്തിക്കും അറിവ് നേടാൻ സാഹചര്യമുള്ള ഒരു വിദ്യാലയമാണ് നമ്മുടെ ഗവൺമെന്റ് യു. പി. സ്കൂൾ പെരുവന്താനം.

# പൊതുവിദ്യാലയങ്ങൾ മികവിലേയ്ക്ക്

വിദ്യാലയത്തിൽ എത്തുന്ന ഓരോ കുട്ടിയിലും പഠന ലക്ഷ്യങ്ങൾ എത്തിക്കുന്നതിനായി എല്ലാ ആഴ്ചയിലും എസ്. ആർ. ജി. ചേരുകയും പഠന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നു. എല്ലാ അധ്യാപകരും വേണ്ട മുന്നൊരുക്കം നടത്തിയാണ് ക്ലാസ് മുറികളിൽ എത്തുന്നത്. ഓരോ കുട്ടിയെയും അധ്യാപകർ വ്യക്തിഗതമായി വിലയിരുത്തി അവർക്ക് ആവശ്യമായ പഠന പിന്തുണ നൽകി വരുന്നു. രക്ഷകർത്താക്കളുമായി അധ്യാപകർക്ക് മികച്ച ബന്ധമാണ് ഉള്ളത്. സ്കൂൾ പ്രവേശന കവാടം പുതുക്കിപ്പണിയുകയും സ്കൂൾ മുറ്റം ടൈൽ വിരിക്കുകയും ചെയ്തിട്ടുണ്ട്. പ്രീപ്രൈമറിയിലേയ്ക്ക ആവശ്യമായ കളി ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. വിദ്യാലയത്തിൽ എത്തുന്ന ഓരോ കുട്ടിയും മികവിലേയ്ക്ക് എത്തുക എന്നതാണ് അക്കാദമിക മാസ്റ്റർ പ്ലാനിംഗ് ആത്യന്തിക ലക്ഷ്യം.

# വിദ്യാലയത്തിന്റെ ചരിത്രം

പെരുവന്താനത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പും തന്മൂലമുള്ള യാത്രാക്ലേശങ്ങളും നിമിത്തം വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ രൂക്ഷമായി തുടക്കം പെരുവന്താനം ക്ഷേത്രത്തിന് സമീപമായി കുടി പള്ളിക്കൂടമായി 1898 ൽ സ്ഥാപിതമായ ഈ വിദ്യാലയം ഗവൺമെന്റ് ഉടമസ്ഥതയിലുള്ള പഞ്ചായത്തിലെ ആദ്യ വിദ്യാഭ്യാസ സ്ഥാപനം ആയിരുന്നു. കൊല്ലവർഷം 1072 ൽ തിരുവിതാംകൂർ ദിവാൻജിക്ക് തിരുവല്ല നിവാസി നൽകിയ ഭൂമിയിൽ എൽ. പി. സ്കൂൾ ആയി ആരംഭിച്ച ഈ വിദ്യാലയം ഈ പ്രദേശത്തെ ആദ്യകാല കുടിയേറ്റക്കാരുടെ മക്കളുടെ വിദ്യാഭ്യാസത്തിന്റെ നെടുനായകത്വം വഹിക്കുന്നു. 1963 ൽ യു. പി. സ്കൂളായി ഉയർത്തപ്പെട്ട ഈ സ്ഥാപനത്തിൽ 2012 ജൂൺ മുതൽ പ്രീപ്രൈമറിയും പ്രവർത്തിച്ചു വരുന്നു. മേഖലയിൽ ഒരു നിറസാന്നിദ്ധ്യമായി മാറാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. ഈ വിദ്യാലയത്തിൽ എത്തുന്ന കുരുന്നുകൾക്ക് അറിവിന്റെ വെളിച്ചം പകർന്നു നൽകി അനസ്യൂതം നാം യാത്ര തുടരുന്നു

# വിദ്യാലയം മികവുകൾ

നിലവിൽ വിദ്യാലയത്തിൽ പ്രീ - പ്രൈമറി മുതൽ ഏഴാം ക്ലാസ് വരെ ഓരോ ഡിവിഷൻ വീതം പ്രവർത്തിച്ചു വരുന്നു. പ്രീ-പ്രൈമറി മുതൽ ഏഴാം ക്ലാസ് വരെ അറുപതോളം കുട്ടികളും പ്രഥമ അധ്യാപകൻ ഉൾപ്പെടെ ഒമ്പത് അധ്യാപകരും ഉണ്ട്. മലയാളം മീഡിയം മാത്രമാണ് ഉള്ളതെങ്കിലും ഇംഗ്ലീഷ് ഭാഷയ്ക്ക് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് വ്യത്യസ്ത പരിപാടികൾ ആസൂത്രണം ചെയ്ത് പ്രാവർത്തികമാക്കുന്നു. എസ്. എസ്. കെ. ഫണ്ടും പഞ്ചായത്ത് ഫണ്ടും ഉപയോഗിച്ച് നിലവിലുള്ള സ്കൂൾ കെട്ടിടങ്ങൾ നവീകരിച്ച മികച്ച സൗകര്യം ഒരുക്കിയിട്ടിട്ടുണ്ട്. സ്കൂളിലെ പി. റ്റി. എ.യുടെയും അധ്യാപകരുടെയും കൂട്ടായ പ്രവർത്തനത്തിന്റെ ഭാഗമായി ഘട്ടം ഘട്ടമായി സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയിരിക്കുന്നു. നിലവിൽ മുഴുവൻ ക്ലാസ് മുറികളും ടൈലിട്ട് മോടി പിടിപ്പിച്ചിട്ടുണ്ട്. കൂടാതെ ആവശ്യമായ ടോയ്ലറ്റുകളും വാക്ക് ഏരിയായും ഉണ്ട്. ക്ലാസ് മുറികൾ റൂഫിംഗ് ചെയ്ത് ഭംഗിയാക്കിയിട്ടുണ്ട്. ചുമരുകൾ ചിത്രങ്ങൾ വരച്ച് മോടി കൂട്ടിയിട്ടുണ്ട്. കൂടാതെ പ്രീ - പ്രൈമറി വർണ്ണാഭമാക്കിയിട്ടുണ്ട്. ആധുനിക സൗകര്യങ്ങളോടു കൂടിയ പാചകപ്പുരയും നമ്മുടെ പ്രത്യേകതയാണ്

# പൊതുലക്ഷ്യങ്ങൾ

ശാസ്ത്രീയ മനോഭാവം രൂപീകരിക്കുക. ഒരു പ്രശ്നം കൃത്യതയോടെ വിശകലനം ചെയ്ത് പരിഹരിക്കാൻ കഴിയുന്നു. പരീക്ഷണങ്ങൾ കൃത്യതയോടെ ആസൂത്രണം ചെയ്യാൻ സാധിക്കുന്നു. വിവിധ ശാസ്ത്ര ഉപകരണങ്ങൾ നിർമ്മിക്കാൻ കഴിയുന്നു. നൂതന സാങ്കേതിക വിദ്യയിലൂടെ പഠനം ഉറപ്പാക്കുന്നു. ക്ലബ്ബ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നു. ജൈവ വൈവിധ്യ ഉദ്യാനം മെച്ചപ്പെടുത്തൽ.

മികവിൽ ഒന്നാമതായി പൊതുവിദ്യാലയങ്ങൾ.

# പൊതുലക്ഷ്യങ്ങൾ

എല്ലാ കുട്ടികളെയും മാതൃഭാഷ എഴുതാനും വായിക്കാനും പ്രാപ്തരാക്കുക. ആശയ വ്യക്തതയോടെ സംഭാഷണങ്ങളിൽ ഏർപ്പെടുക. ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി കണ്ട് അവരുടെ സമഗ്ര വികസനം ഉറപ്പാക്കുക. സ്വായത്തമാക്കിയ അക്ഷരങ്ങൾ, വാക്കുകൾ എന്നിവ ഉപയോഗപ്പെടുത്തി അർത്ഥപൂർണ്ണമായ വാക്യങ്ങൾ എഴുതുക. എല്ലാ കുട്ടികളിലും ചതുഷ്ക്രിയ ഉറപ്പിക്കുക. സ്ഥാനവില കൃത്യമായി കുട്ടികൾ തിരിച്ചറിയുന്നു. സംഖ്യകളെ വ്യാഖ്യാനിക്കാൻ കഴിയുന്നു. പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു.

ഭൂഖണ്ഡങ്ങൾ തിരിച്ചറിയുക,

കേരളത്തിന്റെ സവിശേഷമായ ഭൂപ്രകൃതി തിരിച്ചറിയുക,

ചരിത്രരചനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുക,

ഹിന്ദി അക്ഷരങ്ങൾ, പദങ്ങൾ, ആശയങ്ങൾ ഉറപ്പിക്കൽ

# ഗവ. യു. പി. സ്കൂൾ, പെരുവന്താനം

## അക്കാദമിക മാസ്റ്റർപ്ലാൻ 2025 - 2026

### അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

**വികസന ലക്ഷ്യങ്ങൾ**

1. ഭാഷാ ശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം അനായാസകരമാക്കൽ
4. വായനാശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്രപോഷണ പരിപാടി
6. ലബോറട്ടറി നവീകരണം ശാസ്ത്രം & എസ്.എസ്.
7. പ്രതിഭാ പോഷണ പരിപാടി
8. ലൈബ്രറി ശാക്തീകരണം
9. ജൈവ വൈവിധ്യ പാർക്ക് ഒരുക്കൽ
10. സ്കോളർഷിപ്പ് പരീക്ഷ പരിശീലനം
11. പഠനയാത്രകൾ
12. സ്കൂൾ പത്രം മാസിക
13. അധ്യാപക ശാക്തീകരണം - സ്കൂൾ എസ്.ആർ.ജി. തലം
14. പ്രവൃത്തി പരിചയ പരിശീലനം
15. കലാപരിപോഷണം
16. പച്ചക്കറിത്തോട്ടം
17. സാഹിത്യ ശിൽപശാലകൾ

18. മെഡിക്കൽ ക്യാമ്പുകൾ

19. ഭാഷാലാബ്

20. ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ

21. കായികശേഷി വികസനം

22. വിലയിരുത്തൽ കാര്യക്ഷമമാക്കൽ

23. ചോദ്യപേപ്പർ ശിൽപശാല

24. ഐ. റ്റി. പഠനം കാര്യക്ഷമമാക്കൽ

25. ചിത്ര രചന ക്യാമ്പ്

26. ശാസ്ത്ര, ഗണിത ശാസ്ത്ര, സാമൂഹ്യ യശാസ്ത്ര, പ്രവൃത്തി പരിചയ, ഐ. റ്റി. മേളകൾ

27. ക്ലാസ് പി. റ്റി. എ. കാര്യക്ഷമമാക്കൽ

28. സ്കൂൾതല വാർത്തകൾ നവമാധ്യമങ്ങളിൽ പ്രസിദ്ധപ്പെടുത്തൽ

29. ലഹരി മുക്ത വിദ്യാലയം

30. മികവ് പ്രവർത്തനം

31. തനത് പ്രവർത്തനം

32. വൃത്തി 2025 - 26

# ഗവ:യു.പി.എസ് പെരുവന്താനം

# മികവ് പ്രവർത്തനം 2025-26

## എല്ലാവരും വായനക്കാർ

കുട്ടികൾ ഭാഷാ പഠിക്കുകയല്ല,സ്വാഭാവികമായി ആർജിക്കുകയാണെന്നതിൻറെ അടിസ്ഥാനത്തിൽ ചിട്ടപെടുത്തിയിരിക്കുന്ന മലയാളം ഭാഷാ പഠനം.അതിൻറെ എല്ലാ പഠന ലക്ഷ്യങ്ങളെയും നേടുവാൻ തക്കവിധം പെരുവന്താനം ഗവൺമെൻറ് യുപിഎസിലെ കുട്ടികളെ പ്രാപ്തമാക്കി കൊണ്ടിരിക്കുന്നു.ഭാഷ ക്ലാസുകളെ സർഗാത്മകവും ജീവിതശൈലിയും ആക്കുവാൻ സ്വതന്ത്ര വായന,സ്വതന്ത്ര ആവിഷ്കാരം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു.സ്കൂൾ ലൈബ്രറി ഇതിന് നല്ലൊരു പങ്ക് വഹിക്കുന്നു.ഓരോ മാസവും പ്രത്യേക വിഭാഗത്തിൽ പെടുന്ന പുസ്തകങ്ങൾ കുട്ടികൾക്ക് വായിക്കുവാൻ നൽകുന്നു.വായനക്കുറിപ്പുകൾ തയ്യാറാക്കുന്നു.

- തുറന്ന ലൈബ്രറി- വായനയുടെലോകത്തേക്ക് രക്ഷിതാക്കളും.
- പഞ്ചായത്ത് ലൈബ്രറി സന്ദർശിക്കൽ
- പുസ്തക പരിചയം അസംബ്ലിയിൽ.
- പുസ്തകാസ്വാദനം.
- കവി പരിചയം

**ചുമതല**

- എസ് ആർ ജി
- ക്ലാസ് ടീച്ചർ
- രക്ഷിതാക്കൾ

# എല്ലാവരും വായനക്കാർ

## ഓരോ മാസവും നൽകുന്ന പുസ്തകങ്ങൾ

- ജൂൺ -ചിത്രകഥകൾ,കുട്ടികളുടെ പ്രസിദ്ധീകരണങ്ങൾ വായനകൾ,ക്ലാസ് ലൈബ്രറിസെറ്റ് ചെയ്യൽ.
- ജൂലൈ -ഒരു ബഷീർ പുസ്തകം വായിച്ച് നോട്ട് കുറിക്കൽ
- ആഗസ്റ്റ് -കവിത വായന ആസ്വാദനക്കുറിപ്പ് എഴുതൽ.
- സെപ്റ്റംബർ -ചെറുകഥ വായന,ചിത്രീകരണം
- ഒക്ടോബർ -ജീവചരിത്രം,ആത്മകഥ വായനക്കുറിപ്പ്. തയ്യാറാക്കൽ
- നവംബർ -നാടകം ,വായന സ്റ്റേജിൽ അവതരിപ്പിക്കൽ
- ഡിസംബർ -നോവൽ വായന കുറിപ്പെഴുതൽ
- ജനുവരി-എൻറെ പ്രിയപ്പെട്ട പുസ്തകം പരിചയപ്പെടുത്തൽ, പതിപ്പ് തയ്യാറാക്കൽ
- ഫെബ്രുവരി-മികച്ച വായനക്കാരന് സമ്മാനം
- മാർച്ച് -അവധിക്കാല വായന പുസ്തകം നൽകൽ

ഗവൺമെന്റ് യു പി സ്കൂൾ, പെരുവന്താനം

തനത് പ്രവർത്തനം *2025 - 2026*

# കേരളത്തെ അറിയാം

ലക്ഷ്യം : നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ പ്രത്യേകതകളെക്കുറിച്ച് ധാരണ നേടൽ

കേരളവുമായി ബന്ധപ്പെട്ട ക്വിസ്, പതിപ്പ് നിർമ്മാണം, ഉപന്യാസരചന എന്നീ മത്സരങ്ങളിൽ ഏർപ്പെടൽ

കാലയളവ്: ജൂൺ - ജനുവരി

പെരുവന്താനം ഗവൺമെന്റ് യു. പി. സ്കൂളിന്റെ തനത് പ്രവർത്തനമായ 'പ്രതിഭയിലേക്ക്' എന്ന പൊതുവിജ്ഞാന പരിപാടിയുടെ രണ്ടാംഘട്ടമായി 2025 - 26 അധ്യയനവർഷം നമ്മുടെ സംസ്ഥാനത്തെക്കുറിച്ച് കുട്ടികൾ അറിവ് നേടുക എന്ന ലക്ഷ്യത്തോടെ 'കേരളത്തെ അറിയാം' എന്ന പ്രവർത്തനം നടപ്പിലാക്കാൻ തീരുമാനിച്ചു. ഒന്നു മുതൽ ഏഴ് വരെയുള്ള ക്ലാസുകളിൽ നിലവാരത്തിനനുസരിച്ച് ചോദ്യങ്ങളും നൽകി മാസാവസാനം ക്വിസ് മത്സരം നടത്തി സമ്മാനങ്ങൾ നൽകുന്നു. കേരളപ്പിറവിയോട് അനുബന്ധിച്ച് വിവിധ മത്സരങ്ങൾ, പൊതു സമൂഹത്തിന് അറിവ് നൽകുക എന്ന ലക്ഷ്യത്തോടെ മാതാപിതാക്കൾക്കും ക്വിസ് മത്സരം, പതിപ്പ് നിർമ്മാണം, ഉപന്യാസരചന എന്നീ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

## പ്രവർത്തനങ്ങൾ

- ജൂൺ - SRG, പിടിഎ, ആക്ഷൻ പ്ലാൻ
- ജൂലൈ - കേരളം - അടിസ്ഥാന വിവരങ്ങൾ
- ആഗസ്റ്റ് - എന്റെ ജില്ല ഇടുക്കി
- സെപ്റ്റംബർ - കല,  സാഹിത്യം
- ഒക്ടോബർ - നദികൾ, വിനോദസഞ്ചാരം
- നവംബർ - കേരളപ്പിറവി ആഘോഷം, രക്ഷിതാക്കൾക്ക് ക്വിസ് മത്സരം
- ഡിസംബർ - കൃഷി, വനം, പതിപ്പ് നിർമ്മാണം
- ജനുവരി - ഉപന്യാസം, മെഗാക്വിസ്

ചുമതല : SRG, ക്ലാസ്സ് ടീച്ചർ, പിടിഎ, കുട്ടികൾ

പ്രതീക്ഷിത ചെലവ് : ക്വിസ് - സമ്മാനങ്ങൾ, പതിപ്പ്
- A4 പേപ്പർ, സ്കെച്ച്, ക്രയോൺസ് etc.

# GUPS PERUVANTHANAM

## മാലിന്യ മുക്ത വിദ്യാലയം

| പ്രവർത്തനം | കാലാവധി | ചുമതല |
|---|---|---|
| ശുചിത്വ ക്ലബ്ബ് രൂപീകരണം | June | Teachers |
| മാസത്തിലൊരിക്കൽ ഡ്രൈ ഡേ ആചരിക്കുന്നു | June-March | Teachers |
| പ്ലാസ്റ്റിക്കിന്റെ ഉപയോഗ ദോഷങ്ങൾ ഉൾപ്പെടുത്തി ആരോഗ്യ പ്രവർത്തകരെ കൊണ്ട് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു. | August | Teachers |
| എല്ലാ ക്ലാസ് മുറികളിലും പരിസരങ്ങളിലും വേസ്റ്റ് ബിൻ സ്ഥാപിക്കുക. | June-March | Teachers |
| ശുചിത്വ ബോർഡുകൾ സ്ഥാപിക്കുക. | June-March | |
| Oct 2 സേവനവാരമായി ആചരിക്കുന്നു (അധ്യാപകർ, മാതാപിതാക്കൾ,കുട്ടികൾ) | October | Teachers |
| ശുചിത്വ ക്ലബ്ബിൻറെ നേതൃത്വത്തിൽ ഉപയോഗമില്ലാത്ത പേനകൾ ശേഖരിച്ച് പെട്ടിയിൽ ശേഖരിക്കുന്നു | June-March | Teachers |

# GUPS PERUVANTHANAM

## സ്കൂൾ ഉച്ചഭക്ഷണ പദ്ധതി 2025-2026

| പദ്ധതി ആസൂത്രണം | കാലാവധി | ചുമതല |
|---|---|---|
| മെനു:-<br>ഓരോ ദിവസത്തെയും മെനു കൃത്യമായി പ്ലാൻ ചെയ്ത് രേഖപ്പെടുത്തുന്നു.ഇടയ്ക്ക് സ്പെഷ്യൽ ഫുഡ് വിതരണം ചെയ്യുന്നു.പച്ചക്കറികൾ, ഇലക്കറികൾ,പയർ വർഗ്ഗങ്ങൾ ഇവയെല്ലാം ഉൾപ്പെടുത്തി കൃത്യമായി തയ്യാറാക്കിയ മെനു പ്രദർശിപ്പിക്കുന്നു.മുട്ട,പാൽ ഇവ ചൊവ്വ,ബുധൻ, വ്യാഴം ദിവസങ്ങളിൽ വിതരണം ചെയ്യുന്നു. | June-March | Noonmeal,PTA |
| പോഷൻ അഭിയാൻ പദ്ധതിയുടെ ഭാഗമായി 'പോഷൻ പക്വാഡ' ജൂലൈ 1 മുതൽ 25 വരെ വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു. | July 1-25 | Noonmeal,PTA |
| കുടി വെള്ളം:-<br>എല്ലാ കുട്ടികൾക്കും വാട്ടർ പ്യൂരിഫയറിൽ നിന്നും ശുദ്ധമായ കുടിവെള്ളം ശേഖരിക്കാൻ സംവിധാനമൊരുക്കുന്നു. | June-March | Noonmeal,PTA |
| പച്ചക്കറി കൃഷി:- | June-March | Noonmeal,PTA |

| | | |
|---|---|---|
| ഉച്ചഭക്ഷണത്തിന് ഒരുക്കുന്ന പച്ചക്കറികൾ,ഇലക്കറികൾ എന്നിവ കൃഷി ചെയ്യുന്നു.<br>• ന്യൂട്രിഷൻ ഗാർഡൻ -അടുക്കള പച്ചക്കറി തോട്ടം സജ്ജീകരിക്കുന്നു.<br>• ഇലക്കറികൾ,നാടൻ ഭക്ഷണങ്ങൾ,കറിവേപ്പില, മുരിങ്ങയില, ചായാമൻസ,ഇല ചേമ്പ്,ശീമപ്ലാവ്,കോവൽ ഇവ നട്ടുവളർത്തുന്നു.<br>• | | |
| Mess Hall :-<br>എല്ലാ കുട്ടികൾക്കും സൗകര്യപ്രദമായി ഉച്ചഭക്ഷണം കഴിക്കാൻ വെളിച്ചവും വായും സഞ്ചാരവും ഉള്ള ഭക്ഷണശാലയും ഇരിപ്പിടങ്ങളും സജ്ജീകരിക്കുന്നു | June-March | Noonmeal,PTA |
| മാലിന്യ നിർമാർജനം:-<br>പാചകം,ഉച്ചഭക്ഷണം വിതരണം ഇവയിലെ മാലിന്യം പന്നി ഫാമിലേക്ക് നൽകുന്നു. കഞ്ഞിവെള്ളം വേസ്റ്റ് ടാങ്കിൽ ശേഖരിക്കുന്നു. | June-March | Noonmeal,PTA |

## ഗവ:യു.പി.എസ് പെരുവന്താനം

## വിഷരഹിത പച്ചക്കറി 2025-2026

പരിസരത്ത് പച്ചക്കറികളും മറ്റ് ഫലവൃക്ഷങ്ങളും നടുന്നു.

L0-കൃഷിയോട് ആഭിമുഖ്യം തോന്നുന്നതിലും,കൃഷിയുടെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനും.

## പ്രവർത്തന രീതി

ജൂൺ മുതൽ മാർച്ച് വരെയുള്ള പ്രവർത്തനങ്ങൾക്ക് PTAയുടെ സഹകരണത്തോടെ ആരംഭിക്കാൻ തീരുമാനിച്ചു.

-ജൂലൈ മാസം 15 നോടകം ഒരു PTA യോഗം തീരുമാനിച്ച് കൂട്ടുകയും നിലമൊരുക്കൽ പോലുള്ള പ്രവർത്തനങ്ങൾക്ക് സഹായം ആവശ്യപ്പെടാൻ -തീരുമാനിക്കുന്നു നിലം ഒരുക്കൽ കഴിയുന്നതോടൊപ്പംഓരോ കുട്ടിയും ഏതെങ്കിലും ഒരു പച്ചക്കറിയോ,ഫലവൃക്ഷമോ കിളിർപ്പിച്ച് (കവറിൽ,ചട്ടിയിൽ...പാട്ട,ഒഴിഞ്ഞ ക്യാൻ...etc.)കൊണ്ടുവരാൻ നിർദ്ദേശിക്കുന്നു.

- കൊണ്ടുവരുന്നവയെ പച്ചക്കറികൾ /ഫലവൃക്ഷങ്ങൾ എന്നിങ്ങനെ തരം തിരിച്ച് കൃഷി ചെയ്യുന്നു.
- എല്ലാ ദിവസവും കുട്ടികൾ അധ്യാപകരോടൊപ്പം സ്വന്തം കൃഷി പരിപാലിക്കുന്നു.
- ഒപ്പം പൂച്ചെടികൾ കൂടി ചട്ടികളിൽ നടുന്നു.
- വർഷം മുഴുവൻ തുടർ പ്രവർത്തനങ്ങൾ.
- കൂടുതൽ ചെടികൾ കൊണ്ടുവരികയും പരിപാലിക്കുകയും ചെയ്യുന്ന കുട്ടിക്ക് പ്രോത്സാഹന സമ്മാനം ഏർപ്പെടുത്തുന്നതാണ്.

## പ്രതീക്ഷിക്കുന്ന ചെലവ്

1. PTA പ്രവർത്തനങ്ങൾക്ക്
2. വളം
3. തൈകൾ വാങ്ങാൻ
4. ചെടി ചട്ടികൾ/കവർ
5. ചകിരി ചോറ്
6. ചായ/കടി
7. ചെറിയ തൂമ്പ /കമ്പി

## ചുമതലകൾ

- രക്ഷിതാവ്
- കുട്ടി
- അധ്യാപകർ

# ഗവ:യു.പി.എസ് പെരുവന്താനം

# ലഹരി വിരുദ്ധ വിദ്യാലയം

## 2025-2026

**പഠനലക്ഷ്യം:**-സമൂഹത്തിൻ്റെ ആരോഗ്യം കുട്ടികളിലൂടെ. വിവിധതരം ലഹരി ഉപയോഗങ്ങൾ ബോധവൽക്കരണത്തിലൂടെ ഇല്ലായ്മ ചെയ്യൽ .

**കാലാവധി :**-2025ജൂൺ മുതൽ 2026 ജനുവരി 31 വരെ.

## ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

- ലഹരി വിരുദ്ധ പോസ്റ്ററുകൾ സ്കൂൾ പരിസരത്ത് സ്ഥാപിക്കൽ
- Tobacco free area
  Tobacco free educational institution
- കുട്ടികൾക്കിടയിലെ ലഹരിവസ്തുക്കളുടെ ഉപയോഗം കുറയ്ക്കുന്നതിൽ മാതാപിതാക്കൾക്കുള്ള പങ്ക് എന്ന വിഷയത്തിൽ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കൽ.
- വിദ്യാഭ്യാസ പരിസരത്ത് സംസ്ഥാന സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ദൂരപരിധിക്കുള്ളിൽ പുകയില,മദ്യം എന്നിവ വിൽക്കപ്പെടുന്ന ഷോപ്പുകൾ ഇല്ലെന്ന് ഉറപ്പുവരുത്തുന്നു.
- ലഹരി വിരുദ്ധ ഗാനങ്ങൾ സ്കൂൾ അസംബ്ലി,സർഗ്ഗ വേള ഇവയിൽ അവതരിപ്പിക്കുന്നു.
- കുട്ടികളെ കൊണ്ട് ലഹരി വിരുദ്ധ പോസ്റ്ററുകൾ തയ്യാറാക്കുന്നു.

- ലഹരി വിരുദ്ധ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു.

## തുടർ പ്രവർത്തനം

- ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ

# ഗവൺമെൻറ് യുപിഎസ് പെരുവന്താനം

## സ്കൂൾ സൗന്ദര്യവൽക്കരണം 2025-26

ലക്ഷ്യം:സ്കൂളും പരിസരവും വൃത്തിയായിയും മനോഹരമായും സൂക്ഷിക്കുക.

---

വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കുക എന്നതാണ് സ്കൂൾ സൗന്ദര്യവൽക്കരണം കൊണ്ട് ഉദ്ദേശിക്കുന്നത്

കാലയളവ്-അധ്യയനവർഷം മുഴുവൻ

---

ചുമതല: H M, അധ്യാപകർ, PTA ജനപ്രതിനിധികൾ, കുട്ടികൾ

പ്രവർത്തനങ്ങൾ

---

1.സ്കൂളും പരിസരവും വൃത്തിയായുംമനോഹരമായും സൂക്ഷിക്കേണ്ടത് തൻറെ കടമയാണ് എന്നുള്ള ബോധം കുട്ടികളിൽ വളർത്തുക.

2 . പഠനവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ വരച്ച് സ്കൂളിൻറെ ഭിത്തിയും ക്ലാസ് മുറികളും മനോഹരമാക്കുക

3. ദിനാചരണമായി ബന്ധപ്പെട്ട ചിത്രങ്ങൾ ചാർട്ടുകൾ എന്നിവ കൃത്യമായ രീതിയിൽ ക്ലാസ് മുറികളിൽ പ്രദർശിപ്പിക്കുക

4. കുട്ടികളുടെ സഹകരണത്തോടെ സ്കൂളിൻറെ മുറ്റത്ത് പൂച്ചെടികൾ വച്ച് പിടിപ്പിക്കുക

5. സ്കൂളിന്റെയും ക്ലാസ് മുറികളുടെയും മെയിൻ്റനൻസ് വർക്കുകൾ ജനപ്രതിനിധികളുടെ സഹായത്താൽ യഥാസമയം നടപ്പിലാക്കുക

6. ഓഫീസ് ,ക്ലാസ് മുറികൾ, ലൈബ്രറി ,കിച്ചൻ, ഭക്ഷണശാല,എന്നിവ തിരിച്ചറിയുന്നതിന് ആകർഷണമായ സ്റ്റിക്കർ പതിപ്പിക്കുക

7. മഹാന്മാരുടെ ആപ്ത വാക്യങ്ങൾ ചെറിയ കാർഡുകളിൽ എഴുതി സ്കൂൾ ചുവരികളിൽ പതിപ്പിക്കുക



# Academic master plan

## 2025 - 2026

## GUPS PERUVANTHANAM



# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 1

### ആമുഖം

ഒന്നാം ക്ലാസിലെ പാഠപുസ്തകം 2024 - 25 വർഷം പരിഷ്കരിക്കുകയും ഒന്നാം വർഷത്തെ വിനിമയ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഒന്നാം ക്ലാസിലെ കുട്ടികളെ സ്വതന്ത്ര വായനക്കാരും എഴുത്തുകാരും ആക്കിയതിന്റെ വിളംബരം ആയിരുന്നു കഴിഞ്ഞവർഷാവസാനം നടത്തിയ പഠനോത്സവങ്ങൾ. ഭാഷാശേഷികളുടെ കാര്യത്തിൽ ഉണ്ടായ മികവ് നിലനിർത്തുന്നതിനും കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേക്ക് എത്തിക്കുന്നതിനും ആസൂത്രിതമായ പ്രവർത്തനം ആവശ്യമാണ്. അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് അതിനു വേണ്ടിയാണ്.

പെരുവന്താനം ഗവൺമെന്റ് യുപി സ്കൂളിൽ ഒന്നാംക്ലാസിൽ എട്ടു കുട്ടികളാണുള്ളത്. അവരുടെ ഭാഷ ഗണിതം ഇംഗ്ലീഷ് എന്നീ മേഖലകൾക്ക് ആവശ്യമായ മെച്ചപ്പെടലുകൾ ഉണ്ടാവേണ്ടതിന് ലക്ഷ്യം വെച്ചുള്ള പ്രവർത്തനങ്ങളാണ് ഈ അക്കാദമിക മാസ്റ്റർപ്ലാനിൽ ഉൾക്കൊണ്ടിരിക്കുന്നത്. ഓരോ വിഷയത്തിലും നേടേണ്ട വാർഷിക ലക്ഷ്യങ്ങൾ കണ്ടെത്തി ഓരോ മാസത്തേയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നു.

## മലയാളം

### വാർഷിക ലക്ഷ്യങ്ങൾ

1. ചെറു സദസ്സിന് മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, ആശയങ്ങൾ, ആവശ്യങ്ങൾ, തനിക്കറിയാവുന്ന കഥകൾ, പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക. ഓരോ കുട്ടിയും ലഘു ബാലസാഹിത്യകൃതികൾ ഒഴുക്കോടെ വായിക്കാനുള്ള കഴിവ് നേടുക.
2. ഓരോ കുട്ടിയും വായിച്ച് മനസ്സിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞു മറ്റ് രീതികളിലും പങ്കിടാനുള്ള കഴിവ് നേടുക.
3. ഓരോ കുട്ടിയും സദസ്സിന് മുമ്പാകെ നിശ്ചിത കാര്യങ്ങൾ ആശയം വ്യക്തതയോടെ അവതരിപ്പിക്കാനുള്ള കഴിവ് നേടുക.
4. ഓരോ കുട്ടിയും സ്വന്തം ആശയം ഡയറി വിവരണം സംഭാഷണം എന്നീ രൂപങ്ങൾ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക.
5. ഓരോ കുട്ടിയും സർഗാത്മക രചന നടത്താനുള്ള കഴിവ് നേടുക.
6. ഓരോ കുട്ടിയുടെയും സർഗാത്മക രചനകൾ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുക.
7. ഓരോ കുട്ടിയുടെയും തെരഞ്ഞെടുത്ത ഡയറികൾ പ്രസിദ്ധീകരിക്കുക.
8. ഓരോ കുട്ടിയുടെയും പഠന തെളിവുകൾ അടങ്ങിയ വളരുന്ന അഭിമാനരേഖ രൂപപ്പെടുത്തുക.

ജൂൺ

- പൂർണ്ണ പങ്കാളിത്ത ക്ലാസ് പിടിഎ

- അക്കാദമിക മാസ്റ്റർ പ്ലാൻ രൂപീകരണം
- വായനോത്സവം കഥകൾ
- മുന്നൊരുക്കം സന്നദ്ധത

പ്രവർത്തനങ്ങൾ

- വായന കാർഡുകൾ
- വായനക്കൂട്ട് ക്ലാസ് ലൈബ്രറി
- സർഗ്ഗവേള

ജൂലൈ

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
- കഥ പറയാൻ അവസരം
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാൻ അവസരം ഒരുക്കുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- ചിത്ര വായനയും വാചകമായി പറയാനും അവസരം ഒരുക്കുന്നു.

ആഗസ്റ്റ്

- സംയുക്ത ഡയറി എഴുതി തുടങ്ങുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- അക്ഷരപ്പാട്ടുകൾ പാടുന്നു.
- ഭാവാത്മക വായനയിലേക്ക് നയിക്കുന്നു.
- രചനോത്സവത്തിൽ സ്വതന്ത്ര രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.

സെപ്റ്റംബർ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വതന്ത്ര വായനക്കാരും രചനക്കാരും ആക്കുന്നു.

ഒക്ടോബർ

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.

- രച നോത്സവത്തിന്റെ ഭാഗമായി കുട്ടികൾ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും മറ്റുള്ളം സംഘമായി അവതരിപ്പിക്കുകയും ചെയ്യുന്നു.
- വ്യത്യസ്ത നിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

നവംബർ

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തുന്നു.
- കൂട്ട വായന, വീട്ടു വായന, ചിത്ര വായന എന്നിവയെ പ്രോത്സാഹിപ്പിക്കുന്നു.
- വായനോത്സവം തുടങ്ങുന്നു.
- രചനോത്സവം തുടങ്ങുന്നു

ഡിസംബർ

- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.
- കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.

ജനുവരി

- ലഘു രചന ശില്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ, വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- കുട്ടികൾ എഴുതിയ ചെറു കഥകൾ, കവിതകൾ എന്നിവയുടെ പ്രകാശനം
- സംയുക്ത ഡയറി പ്രകാശനം
- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.

ഫെബ്രുവരി

- ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
- ആശയപൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്നു.

മാർച്ച്

പതിപ്പുകൾ തയ്യാറാക്കണം.

- വീട്ടു വായന, അമ്മ വായന വായന സ്വതന്ത്ര വായന ഇവയ്ക്ക് പ്രോത്സാഹനം നൽകുന്നു.

## English

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child
should be able to speak English fluently, like Malayalam. We have to keep the language English
close to our heart.
The academic master plan is designed to ensure that not a single child goes illiterate.
Objectives and learning outcomes.

- Respond to simple instructions in the classroom.
- Describe orally about the pictures and objects.

- Familiarise with simple words.
- Enjoy songs and sings them with Rhythm and action.
- Familiarise the names of birds, animals, their young ones and identifies them from pictures.

**June**

- Introduce symbol words.
- Provides picture cards.

**July**

- Identify familiar words.
- Say familiar words.
- Read familiar words.
- Write familiar words.

**August**

- Enjoy songs and sings them with Rhythm and action.
- Describes orally about pictures and objects using adjectives.

**September**

- Read and write simple words and Simple sentences
- Provides picture cards and reading cards.

**October**

- Introduce symbol picture descriptions.
- Make word chain, sentence chain.
- Make riddles.
- Describing words, rhyming words.
- Text book activities.

**November**

- Prepare reading cards.
- Provide more opportunities to read, right and speak English.
- Writes five English words daily.

**December**

- Read and understand simple instructions in the classroom.
- Encourage digital reading.

**January.**

- Enjoy songs and sings them with Rhythm and action.
- Make picture albums.
- Collect pictures of animals and its young ones.

**February**

- provide the opportunity to express myself in the classroom.
- English assembly once in a week.

**March**

- Speaks English fluently.
- Read and write simple sentences
- Picture reading and picture description.

## ഗണിതം

**ലക്ഷ്യങ്ങൾ**

1. ഒന്നു മുതൽ അഞ്ചു വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
2. അഞ്ചു വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
3. ഒരക്ക സംഖ്യകൾ എണ്ണിയെടുക്കുന്നു എഴുത എഴുതുന്നു വായിക്കുന്നു.
4. സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ ആക്കുന്നു.
5. രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം
6. രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം
7. ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം
8. ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും ചെയ്യുന്നു.
9. ഒരക്ക സംഖ്യ പാറ്റേൺ രൂപീകരിക്കൽ

10. ഒറ്റക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ പ്രായോഗിക പ്രശ്നങ്ങൾ ചെയ്യുന്നു.

ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു പറയുന്നു
- സംഖ്യാ കാർഡ് നിർമ്മിക്കൽ
- സംഖ്യകളെ എണ്ണവുമായി പൊരുത്തപ്പെടുത്തൽ

ജൂലൈ

- ഗണിത പഠനത്തിന് സഹായകരമായ രീതിയിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡുകൾ തയ്യാറാക്കുന്നു.

ആഗസ്റ്റ്

- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ കുറവ് തിരിച്ചറിയുന്നു .
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ
- ഒറ്റക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തുന്നു.
- ഒറ്റക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തുന്നു.
- ഒന്നിനോട് ഒന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന് തിരിച്ചറിയുന്നു.
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ

ഒക്ടോബർ

- ഒറ്റ സംഖ്യ ഇരട്ടസംഖ്യ തിരിച്ചറിയുന്നു.
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ ഇരട്ടസംഖ്യ എന്ന തിരിച്ചറിവ്
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയുന്നു.

നവംബർ

- സംഖ്യാ ഗാനങ്ങൾ പാട്ടുകൾ ശേഖരിക്കുന്നു.
- ഒറ്റ സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങൾ

ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതൽ
- ഗണിത ആൽബം തയ്യാറാക്കൽ

ജനുവരി

- ഒറ്റ സംഖ്യയും ഒരക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- ഒന്ന മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

- വില വിവരപ്പട്ടിക ,പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മാർച്ച്

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ പൂർത്തിയാക്കുന്നു.
- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
- സംഖ്യകളുടെ പകുതി, തുല്യം എന്നിവ തിരിച്ചറിയുന്നു.

# ജി. യു. പി. സ്കൂൾ പെരുവന്താനം

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026

## രണ്ടാം തരം

| | | | | |
|---|---|---|---|---|
| | രൂപീകരിക്കുന്നതിനും ശാസ്ത്ര ബോധം ഉണർത്തുന്നതിനും | | | കുട്ടികൾ |
| 7 | ചിത്ര സഹായത്താൽ ആശയങ്ങൾ ചേർത്തു കൊണ്ട് രചനകൾ നടത്തുന്നതിന് | പാഠ പുസ്തകത്തിലെ ആശയങ്ങൾ സ്വന്തം ഭാവനയിൽ ചിത്രങ്ങളാക്കി മാറ്റി കൊണ്ട് ചിത്ര കഥാ പുസ്ത കം തയാറാക്കുന്നു | ജൂൺ - മാർച്ച് | അധ്യാപകർ<br>കുട്ടികൾ |
| 8 | കൃഷി ജീവിതത്തിന്റെ ഭാഗമാണ് എന്നറി യുന്നതിന് | കർഷകനുമായി അഭിമുഖം പാടത്തേക്ക് പാട്ടും പാടി പഠനയാത്ര | ഓഗസ്റ്റ് | അധ്യാപകർ<br>കുട്ടികൾ<br>രക്ഷിതാക്കൾ<br>വിദ്യാരംഗം കലാ സാഹിത്യവേദി<br>പി. ടി. എ |
| 8 | ഗ്രാമീണ സൗന്ദര്യവും കൂട്ടായ്മയും നിലനിർത്തു ന്നതിൽ ആഘോ ഷ ങ്ങൾക്കും ഉത്സവങ്ങൾ ക്കുമുള്ള സ്ഥാനം തിരിച്ചറിയുന്നു | ഉത്സവങ്ങൾ ആഘോഷങ്ങൾ വീഡിയോ പ്രദർശനം | സെപ്റ്റംബർ | -അധ്യാപകർ<br>കുട്ടികൾ |
| 9 | നിത്യ ജീവിതത്തിൽ പോഷകാ ഹാരത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞു കൊണ്ട് ശരിയായ ഭക്ഷണ ക്രമം പാലിക്കുന്നതിന് | ഡോക്ടറോട് ചോദിക്കാം<br>(അഭിമുഖം )<br>സാലഡ് നിർമ്മാണം<br>ഭക്ഷ്യ മേള | ഒക്ടോബർ | അധ്യാപകർ<br>കുട്ടികൾ<br>രക്ഷിതാക്കൾ<br>ആരോഗ്യ ക്ലബ്<br>പി. ടി. എ |

| | | | | |
|---|---|---|---|---|
| 10 | ചുറ്റുപാടും നിരീക്ഷിക്കാനും വൈവിദ്ധ്യം മനസ്സിലാക്കുന്നതിനു (വീടുകൾ, വിവധ തരം തൊഴിലുകൾ, സേവനങ്ങൾ ) | പ്രകൃതി നടത്തം | നവംബർ | അധ്യാപകർ<br>കുട്ടികൾ |
| | പഠനോത്സവം | ഒരു വർഷകാലത്തെ പഠന മികവുകളുടെ പൊതു അവതരണം | മാർച്ച് | അധ്യാപകർ<br>കുട്ടികൾ<br>രക്ഷിതാക്കൾ<br>പി. റ്റി. എ |

# GOVT.U.P.SCHOOL PERUVAMTHANAM

# ACADEMIC MASTER PLAN

## 2025-2026

## ENGLISH

| Number | Aim | Activities | Period | Duty Assign |
|---|---|---|---|---|
| 1 | | Arrange class readers corner (Collection of reading materials) | may | S.R.G |
| 2 | Identify the nature of student and gave more activities to empower English language | Consider the performa<br>**(my child )**<br>Gave suitable activities<br>continues evaluation | June - March | Students<br>Teacher |
| 3 | Creative writings | Diary Making | June- March | Students<br>Teacher |
| 4 | Sing the poems and Rhyme Rhythmically | Add more lines<br>Make rhyme | June - March | Students<br>Teacher |
| 5 | Creative reading | Text book reading<br>library books reading<br>The process held on class room or school Assembly | June - March | Students<br>Teacher |
| 6 | Listen to the instructions and acts accordingly | Dialogue making<br>character presentation | June - July | Students<br>Teacher |

| | | | | |
|---|---|---|---|---|
| | | | | |
| 7 | Listen to simple instructions in English and acts accordingly<br><br>write a recipe | Origami<br><br>Role play<br><br>Vegetable salad<br><br>Puppet making<br><br>Puppet drama | August - September | Students<br><br>Teacher |
| 8 | Listen to simple instructions and acts accordingly<br><br>Reads simple stories aloud and enjoys them | Drawing pictures<br><br>create small stories<br><br>Album making<br><br>Role play<br><br>Riddles | October | Students<br><br>Teacher |
| 9 | Creates slogans on a specific theme<br><br>Expresses thoughts and feelings in simple language | Magic show<br><br>Dialogue making<br><br>Slogans | November- December | Students<br><br>Teacher<br><br>Parents<br><br>P.T.A |
| 10 | Engages in creative activities such as drawing or craft work | Digital magazine | January | Students<br><br>Teacher<br><br>Parents |
| 11 | Listen to simple instructions and acts accordingly | Action song<br><br>chorography | February | Students<br><br>Teacher |

| | | | | |
|---|---|---|---|---|
| | understand the importance of dignity of labour | Role play | | |
| 12 | padanothsavam | Presentation of academic achievements | March | Students<br>Teacher<br>P.T.A |

# ഗവ:യു.പി. സ്കൂൾ പെരുവന്താനം

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

**ക്ലാസ്:3** **മലയാളം**

**ലക്ഷ്യങ്ങൾ :-**

പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻ നിർത്തി എന്റെ കുട്ടികൾ എല്ലാവരും.

- സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിക്കു , അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും...
- കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെയും താളാത്മകതയോടെ ചൊല്ലി അവതരിപ്പിക്കും.
- രചനകൾ ദാവാത്മകമായി വായിക്കും.
- ആസ്വദിച്ച ഭാഷവസ്തുതകൾ (കഥ,കവിത, നാടൻ പാട്ട്, കടങ്കഥ,പഴച്ചൊല്ല്... മുതലായവ) മനപാഠമാക്കുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും...
- ലഘുവായ സർഗാത്മക രചനകൾ നടത്തും.( കഥ , കവിത, ഡയറി, ചിത്രരചന)

- കഥകളയെയും കവിതകളേയും മറ്റും നാടകം , പാവനാടകം,റീഡേഴ്സ് തീയറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്ക്കരിക്കും.
- ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്ക്കരിക്കും( വിവരണം, സംഭാഷണം).
- വായന മെച്ചപ്പെടുത്തൽ  വായന ഒഴുക്കോടെ..
- ലേഖനം അക്ഷര തെറ്റ് ഇല്ലാതെ.

| Sl.no | മാസം | പഠന ലക്ഷ്യം | പ്രവർത്തനം |
|---|---|---|---|
| 1 | ജൂൺ മുതൽ മാർച്ച് വരെ | ആശയ വ്യക്തതയോടെ യുള്ള വായന | • ക്ലാസ് ലൈബ്രറി വായന മൂല<br>• വായനക്കാർഡുൾ<br>• എല്ലാദിവസവും ആവർത്തന വായന<br>• ഒരേ അക്ഷരം വരുന്ന വാക്കുകൾ എഴുതാൻ ചൊല്ലൽ<br>• അക്ഷരമാല ക്രമം<br>ചുമതല:-അധ്യാപിക, രക്ഷിതാവ് |
| 2 | ജൂൺ മുതൽ ജൂലൈ വരെ | കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമയി ചൊല്ലുന്നു | • നാടൻപാട്ടുകൾ( വായ്ത്താരികൾ ഉള്ളത്)<br>• പഴഞ്ചൊല്ല് ശേഖരണം |

| | | | |
|---|---|---|---|
| | | | • വായന<br>ചുമതല:-അധ്യാപിക |
| 3 | ജൂൺ മുതൽ മാർച്ച് വരെ | ആസ്വദിച്ച ഭാഷാ വസ്തുക്കൾ (കഥ,കവിത,നാടൻപാട്ട്, പഴഞ്ചൊല്ല് ,കടങ്കഥകൾ) മനപ്പാഠമാക്കുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യുന്നു. | • ലൈബ്രറി നവീകരണം<br>• നാടൻ പാട്ടുകൾ<br>• കടങ്കഥ എഴുതൽ<br>• കടങ്കഥ പയറ്റ്<br>• കഥ പറയൽ<br>• ചെറിയ കഥകൾ എഴുത്ത്<br>ചുമതല:- അധ്യാപിക,സ്കൂൾ ലൈബ്രറി |
| 4 | ജൂൺ മുതൽ മാർച്ച് വരെ (പലഹാര പ്പോ തി ) | • ലഘുവായ സർഗാത്മക രചനകൾ നടത്തുന്നു( കഥ,കവിത, ഡയറി, ചിത്രരചന)<br>• മറ്റ് വ്യവഹാരം രൂപത്തിലക്ക് മാറ്റുന്നു | • ഡയറി എഴുത്ത്<br>• പത്രവായന<br>• നാടക അവതരണം<br>• റോൾപ്ലേ<br>• പാചകക്കുറിപ്പ് (പലഹാരം)<br>• ശുചിത്വ വിദ്യാലയം പോസ്റ്റർ<br>• കഥ വികസിപ്പിക്കൽ<br>• റീഡേഴ്സ് തിയേറ്റർ<br>ചുമതല:-അധ്യാപിക, SRG |

| | | | |
|---|---|---|---|
| 5 | ആഗസ്റ്റ് മുതൽ ഡിസംബർ വരെ | ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കുന്നു. വിവരണം,സംഭാഷണം,അനുഭവ വിവരണം. | • അനുഭവ വിവരണം<br>• വിവിധ സംഭാഷണങ്ങൾ<br>• കളി വിവരണം<br>• കൃഷി ചൊല്ലുകൾ അവതരണം<br>ചുമതല:-അധ്യാപിക |

# GUPS PERUVANTHANAM

## Academic Master Plan 2025_2026

## Class:3

**Learning outcomes:1 reading a context.**

**Reading cards. Reading stories.**

**-Describe the pictures**

| Sl.no | Month | Activities |
|---|---|---|
| 1 | June to August | • The teacher shows a picture. Picture description<br>• Discussion<br>• The children talk about the picture.<br>• Slow learners:- Gives opportunity to express their Idea in Malayalam.<br>• Reading cards . Allow the students to read the cards teacher help them to reading.<br>• Read words |

## Learning outcomes:2 write symbol conversation...write speech bubble, identify rhyming words .

| Sl.no | Month | Activities |
|---|---|---|
| 1 | July to September | • Rhyming words<br>• Write speech bubbles without the help of teacher.<br>• Discussion<br>• Identifies rhyming words<br>• Write simple conversations |

## -Arrange word in alphabetical order.

| Sl.no | Month | Activities |
|---|---|---|
| 1 | July to March | Dictionary<br>• Introducing the dictionary.<br>• Gives words<br>• Arranging words in alphabetical order.<br>• Find out new words.<br>• Group activities: teacher helps slow teachers |

Learning outcomes:3

-Add more exchanges to the conversation suitable to the context

| Sl.no | Month | Activities |
|---|---|---|
| 1 | July to March | Conversation<br>Reading the conversation<br>• Conversation is acting with friends<br>• Adds more exchanges to the conversation<br>• Slow learners:- gives opportunity to express their Idea in Malayalam and give more chances. |

Learning outcomes:4

-Identifies rhyming words from the poem

## Learning outcomes:5

-Add lines to a poem following a set of pattern.

| Sl.no | Month | Activities |
|---|---|---|
| 1 | August to December | Add more lines<br>• Write rhyming words from the pop.<br>• Like the learner sing after the audio of song<br>• Add lines to the poem-give many chances.<br>• Write simple sentence for poem writing. |

## Learning outcomes:6

-Reads and understand the given stories and poems.

| Sl.no | Month | Activities |
|---|---|---|
| 1 | December to March | Let's read<br>Provides the opportunity to read simple stories and poems.<br>• They tell the story they read.<br>• Reading with teacher and in groups |

## Learning outcomes:7

## -Makes simple riddles

| Sl.no | Month | Activities |
|---|---|---|
| 1 | August to March | <u>Riddles</u><br>Gives children the opportunity to hear and answer simple riddles-Use picture cards.<br>• Slow learners:- Gives opportunity to express their Idea in Malayalam. |

## Learning outcomes:8

## -Undertake simple project work given

| Sl.no | Month | Activities |
|---|---|---|
| 1 | December to March | • Project work<br>• Data collection<br>• Write simple sentences |

# ക്ലാസ് തല മാസ്റ്റർ പ്ലാൻ

## ഗവ: യു. പി. എസ് പെരുവന്താനം

## 2025-2026

Class:3 -ഗണിതം

**പഠന ലക്ഷ്യങ്ങൾ**

1.ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളെ കളികളായും സർഗാത്മക പ്രവർത്തനങ്ങളായും. കണ്ണി ചേർത്ത് കണ്ടാണ് ഗണിത പഠനം മൂന്നാം ക്ലാസിൽ അവതരിപ്പിക്കുന്നത്. കുട്ടികളുടെ താൽപര്യവും ജിജ്ഞാസയും വളർത്താൻ ഉതകുന്ന വിധം പ്രവർത്തനം ക്രമപ്പെടുത്തിയിട്ടുണ്ട്. യുക്തി ചിന്ത, വിശകലനാത്മകചിന്ത പ്രശ്നപരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുന്നതിന്

ജ്യാമിതീയ രൂപങ്ങൾ സഹായകരമാണ്. അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജ്യാമിതി പ്രയോജനപ്പെടുന്നതാണ്.

2. ഒരക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകളെ കുട്ടികൾ ഇതിനോടകം തന്നെ പരിചയപ്പെട്ടിട്ടുണ്ട്. 2000 വരെയുള്ള സംഖ്യകൾ പറയുക , വായിക്കുക, എഴുതുക എന്നീ ശേഷികൾ നേടാനും നിത്യ ജവിതത്തിന്റെ ഭാഗമായി വരുന്ന നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടി വരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്തുക.

3. നിത്യ ജീവിത സന്ദർഭങ്ങളിലെ മൂന്നക്ക സംഖ്യകളുടെ സങ്കലന പ്രക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്തു നിർധാരണം

ചെയ്യുന്നതിനുള്ള ശേഷി കൈവരിയ്ക്കുക. മന ഗണിതത്തിന് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ രണ്ട് മൂന്നക്ക സംഖ്യകളുടെ സങ്കലന പ്രക്രിയ ചെയ്യുന്നതിനുള്ള വ്യത്യസ്ത വഴികൾ പരിചയപ്പെടുന്നു.

4. നീളം അളക്കുന്നതിനുള്ള ഏകകങ്ങളായ സെന്റി മീറ്റർ, മീറ്റർ എന്നിവ പരിചയപ്പടുന്നു. ഈ യൂണിറ്റുകൾ തമ്മിലുള്ള പരസ്പര ബന്ധം കണ്ടെത്താൻ പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണത്തിലൂടെ അവസരം നൽകുന്നു.

5. 9 വരെയുള്ള സംഖ്യകളുമായി ബന്ധപ്പെട്ട ഗുണന വസ്തുതകൾ സംബന്ധിച്ച ധാരണ കൈവരിയ്ക്കുന്നു. പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.

